പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 105

01.12.2014-ൽ
മറുപടിയ്ക്ക്

## എക്സൈസ് വകുപ്പിലെ അധിക തസ്തികകൾ

ചോദ്യം
ശ്രീ.കെ.കെ.ജയചന്ദ്രൻ:

ഉത്തരം
ശ്രീ.കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | മദ്യ നിരോധനത്തിന്റെ ഭാഗമായി വ്യാജമദ്യ വ്യാപനം നിയന്ത്രിക്കാനായി എക്സൈസ് വകുപ്പിൽ അധിക തസ്തികകൾ സൃഷ്ടിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | മദ്യനിരോധനത്തിന്റെ ഭാഗമായി എക്സൈസ് വകുപ്പിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള എക്സൈസ് കമ്മീഷണറുടെ ശുപാർശസർക്കാരിന്റെ പരിഗണനയിൽ ആണ്. |
| ബി) | എക്സൈസ് വകുപ്പ്, ധനകാര്യ വകുപ്പിലേയ്ക്ക് നൽകിയ നിർദ്ദേശങ്ങൾ വിശദമാക്കാമോ; നിർദ്ദേശങ്ങൾ എല്ലാമധനകാര്യവകുപ്പ് അംഗീകരിക്കു കയുണ്ടായോയെന്നറിയിക്കുമോ; | (ബി) | സംസ്ഥാനത്ത് പുതുതായി രൂപീകരിച്ച 12 പുതിയ താലൂക്കുകളിൽ എക്സൈസ് സർക്കിൾ ഓഫീസുകൾ രൂപീകരിക്കുന്നതിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനും, എക്സൈസ് വകുപ്പിൽ ഇന്റലിജൻസ് വിഭാഗം, ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നതിനും വേണ്ടി ആകെ 341 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശമാണ് എക്സൈസ് വകുപ്പ് സർക്കാരിൽ സമർപ്പിച്ചത്. പ്രസ്തുത നിർദ്ദേശത്തിന് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. |
| സി) | അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഏതെല്ലാം തസ്തികകളിൽ എത്ര പേരെ വീതം സംസ്ഥാനത്ത് പി.എസ്.സി വഴി നിയമിക്കുകയുണ്ടായി; വിശദമാക്കാമോ; | (സി) | അധിക തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | എക്സൈസ് വകുപ്പിന്റെ നിർദ്ദേശം ധന കാര്യ വകുപ്പ് നിരാകരിച്ചിട്ടുണ്ടെങ്കിൽ, അതിനുള്ള കാരണങ്ങൾ എന്തൊക്കെ യായിരുന്നു; വിശദമാക്കാമോ? | ഡി) | സർക്കാരിന്റെ നിലവിലെ സാമ്പ ത്തിക പ്രതിസന്ധി കണക്കി ലെടുത്ത് ഒരു വർഷത്തേക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടതില്ലെന്ന മന്ത്രിസഭായോഗ തീരുമാനത്തിന്റെ വെളിച്ചത്തിലാണ് ധനകാര്യ വകുപ്പ് അംഗീകാരം നൽകാതിരുന്നത്. |

സെക്ഷൻ ഓഫീസർ